**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3015** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഗ്രാസ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ വന പ്രദേശങ്ങൾ, ഇക്കോടൂറിസം കേന്ദ്രങ്ങൾ, വനത്തിലൂടെ കടന്ന് പോകുന്ന ദേശീയ പാതകൾ ഉൾപ്പെടെയുള്ള റോഡുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 'ഗ്രീൻ ഗ്രാസ് പ്രൊജക്റ്റ്' എന്ന പദ്ധതി 2019-20 - 2022-23 കാലയളവിൽ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ 'മാലിന്യ മുക്ത കേരളം' പദ്ധതിയുമായി ബന്ധപ്പെട്ട് 22-05-2023 ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1081/2023/LSGD പ്രകാരം വനപ്രദേശത്തു നിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• വന പ്രദേശത്ത് മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി അതാത് പ്രദേശങ്ങളിലെ സ്റ്റാഫുകളുടെ നേതൃത്വത്തിൽ രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകളും, റോന്തു ചുറ്റൽ പ്രവർത്തനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br>• പ്രധാനപ്പെട്ട പ്രദേശങ്ങളിലും കൂടുതലായി മാലിന്യനിക്ഷേപം നടത്തുന്നതായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിലും ‘ഗ്രീൻ ഗ്രാസ് പദ്ധതി’ യുടെ ഭാഗമായി CCTV ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.<br>• വനം വകുപ്പുദ്യോഗസ്ഥരോടൊപ്പം തദ്ദേശ വനവാസികൾ അംഗങ്ങളായ വന സംരക്ഷണ സമിതികൾ (VSS)/ ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDC), സ്കൂൾ കുട്ടികൾ, NGOകൾ, NSS വോളന്റിയർമാർ എന്നിവരുടെ പങ്കാളിത്തത്തോടെ വനത്തിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ഉറവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിന്ന് തന്നെ ശേഖരിച്ച് സംസ്കരണം നടത്തുന്നു.<br>• ശേഖരിക്കുന്ന മാലിന്യങ്ങളെ ജൈവവും അജൈവവും ആയി തരം തിരിച്ച് ജൈവമാലിന്യങ്ങൾ ഉചിതവും പരിസ്ഥിതിക്ക് ദോഷം വരാത്തതുമായ രീതിയിൽ ഭൂമിയിൽ മറവു ചെയ്യുകയും അജൈവമാലിന്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനന്തര നടപടികൾക്കായി കൈമാറ്റം ചെയ്യുകയും ചെയ്തുവരുന്നു.<br>• ആവശ്യമായ ഇടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കരുതെന്ന മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തി വരുന്നുണ്ട്.<br>• വനമേഖലയിലെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി വെയ്സ്റ്റ് ബിന്നുകൾ, പിറ്റുകൾ, ഇൻസിനിറേറ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br>• ബോധവൽക്കരണ ക്ലാസ്സുകളും, ക്യാമ്പുകളും നടത്തി വരുന്നുണ്ട്.<br>• മൂന്നാർ വന്യജീവി ഡിവിഷന് കീഴിൽ രാജമലയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് 'ഗ്രീൻ ഗ്രാസ് പദ്ധതി' യുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വനമേഖല മാലിന്യമുക്തമാക്കുന്നതിന് വേണ്ടി ഗ്രീൻ ഗ്രാസ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലെ വന പ്രദേശങ്ങൾ, ഇക്കോടൂറിസം കേന്ദ്രങ്ങൾ, വനത്തിലൂടെ കടന്ന് പോകുന്ന ദേശീയ പാതകൾ ഉൾപ്പെടെയുള്ള റോഡുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 'ഗ്രീൻ ഗ്രാസ് പ്രൊജക്റ്റ്' എന്ന പദ്ധതി 2019-20 - 2022-23 കാലയളവിൽ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. സ.ഉ (സാധാ) നമ്പർ 506/2019/വനം തീയതി 24-12-2019 പ്രകാരം അംഗീകരിച്ച പദ്ധതിയുടെ ആകെ അടങ്കൽ തുക 871.50 ലക്ഷം രൂപയായിരുന്നു. വനപ്രദേശങ്ങൾ, ഇക്കോടൂറിസം സൈറ്റുകൾ, വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന എല്ലാ റോഡുകളും മാലിന്യം നിക്ഷേപിക്കുന്നതിൽ നിന്ന് മുക്തമാക്കി നിലനിർത്തുക, പദ്ധതിയുടെ എല്ലാ നിർവ്വഹണങ്ങളിലും സമൂഹപങ്കാളിത്തം ഉറപ്പാക്കുകയും അതുവഴി പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുക, വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന സംസ്ഥാന/ ദേശീയ പാതകൾ ഉൾപ്പെടെയുള്ള എല്ലാ റോഡുകളും പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരികയും അതുവഴി |

| | | | |
|---|---|---|---|
| | | | അവ മാലിന്യരഹിതമായി നിലനിർത്തുകയും ചെയ്യുക എന്നിവയായിരുന്നു പദ്ധതി ലക്ഷ്യങ്ങൾ. ചീഫ് സെക്രട്ടറി അദ്ധ്യക്ഷം വഹിച്ചിരുന്ന സ്റ്റിയറിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് പുരോഗതി വിലയിരുത്തുകയും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരുന്നു. പദ്ധതി മേൽനോട്ടത്തിനായി അഡീഷണൽ ചീഫ് സെക്രട്ടറി (വനം & വന്യജീവി)യുടെ നേതൃത്വത്തിൽ രൂപീകരിച്ച ടാസ്ക് ഫോഴ്സ് തീരുമാനങ്ങൾ നടപ്പിലാക്കുകയും പുരോഗതി നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ, വന സംരക്ഷണ സമിതി/ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ, NGO-കൾ, സ്കൂളുകൾ, കോളേജുകൾ എന്നിങ്ങനെ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. വനം, തദ്ദേശ സ്വയംഭരണം, ടൂറിസം, പൊതുമരാമത്ത്, പരിസ്ഥിതി, ആരോഗ്യ വകുപ്പുകൾ, ശുചിത്വ മിഷൻ, ദേവസ്വം ബോർഡ് എന്നിവ പദ്ധതിയുടെ നടത്തിപ്പിൽ പങ്ക് വഹിക്കുന്നു<br><br>കേരളത്തിലെ വനമേഖലകളിൽ ഏറ്റവും കൂടുതലായി മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്ന 47 പഞ്ചായത്തുകളിലായി 121 ഇടങ്ങൾ കണ്ടെത്തി അവയെ പ്രത്യേകം മാപ്പ് ചെയ്ത് പദ്ധതിയിൻ കീഴിൽ ആവശ്യമായ പ്രത്യേകം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കി. പദ്ധതിയിൻ കീഴിൽ വനമേഖലയിൽ നിന്നും 1909.891 ടൺ പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. പദ്ധതി കാലയളവിൽ 202.97 ലക്ഷം രൂപ ലഭിക്കുകയും അതിൽ 181.69 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം മേൽ ചോദ്യത്തിന് മറുപടിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കടുത്ത ശിക്ഷ നൽകുന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ; വിശദമാക്കുമോ? | (സി) | വന്യജീവികൾക്ക് ഹാനികരമാകുന്ന തരത്തിൽ സംരക്ഷിത മേഖലകൾക്കുള്ളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കതിരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ നിലവിലെ സെക്ഷൻ 33 (b) & (c), 35 (8), 36(c)(2) എന്നിവ പ്രകാരം നടപടി എടുക്കാവുന്നതാണ്. കൂടാതെ 1961-ലെ കേരള വന നിയമത്തിലെ നിലവിലെ വകുപ്പ് 27 പ്രകാരം അനുമതി കൂടാതെ വനത്തിനുള്ളിൽ പ്രവേശിക്കുന്നതും |

| | | | |
|---|---|---|---|
| | | | നാശനഷ്ടം ഉണ്ടാക്കുന്നതും നിയമവിരുദ്ധവും കുറ്റകരവും ശിക്ഷാർഹവുമാണ്. |

സെക്ഷൻ ഓഫീസർ